# താലൂക്ക് ആശുപത്രി, ഹരിപ്പാട്

കെ.എസ്.ആർ.റ്റി.സി ബസ് സ്റ്റാന്റിന് എതിർ വശം

പിൻ - 690 514

☏ 0479- 2412765 ✉ thqhharipad2765@gmail.com


നമ്പർ. സി.2 -3393/2024 തീയതി: 01.11.2024

## വാഹന പാർക്കിംഗ് ഒരു വർഷത്തേക്ക് ശേഖരിക്കുന്നതിനുള്ള ടെൻഡർ നോട്ടീസ്

ഹരിപ്പാട് താലൂക്കാസ്ഥാന ആശുപത്രി കോമ്പൗണ്ടിൽ ഒരു വർഷത്തേക്ക് (01/12/2024 മുതൽ 30/11/2025 വരെ) വാഹന പാർക്കിംഗ് ഫീസ് ഇതോടൊപ്പം ചേർത്തിട്ടുള്ള നിരക്കിൽ ശേഖരിക്കുന്നതിനുള്ള അവകാശത്തിനായി മത്സരാധിഷ്ഠിതമായ ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടി. അവകാശത്തിനുള്ള ഏറ്റവും കുറഞ്ഞ തുക Rs.110000/-(ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

നിരത ദ്രവ്യം - Rs.2750/- രൂപ സൂപ്രണ്ടിന്റെ പേർക്ക് പ്രത്യേക ഡി.ഡി ആയി ടെണ്ടർ ഫോമിനൊപ്പം സമർപ്പിക്കേണ്ടതാണ്

| | |
|---|---|
| ടെൻഡർ ഫോമുകൾ വിതരണം ചെയ്യുന്നത് | - 13.11.2024 മുതൽ 20.11.2024, ഉച്ചയ്ക്ക് 12 മണി വരെ |
| ടെൻഡർ ഫോമുകൾ സ്വീകരിക്കുന്നത് | - 20.11.2024 വൈകിട്ട് 5.00 മണി വരെ |
| ടെൻഡറുകൾ തുറക്കുന്ന തീയതി | - 21.11.2024 ഉച്ചയക്ക് 2.00 മണി |
| ടെൻഡർ ഫോമിന്റെ വില | - Rs.500 + 18% GST |
| ഡ്യൂപ്ലിക്കേറ്റ് ടെൻഡർ ഫോമിന്റെ വില | - 50% Original form + 18% GST |

ടെൻഡറുകളിൽ നിരതദ്രവ്യം ഇല്ലാത്തവയും, ഭാഗികമോ അപൂർണ്ണമായിട്ടുള്ളതോ ആയ ടെൻഡറുകൾ റദ്ദ് ചെയ്യുന്നതിന് സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. മുകളിൽ നിഷ്കർഷിച്ചിട്ടുള്ള സമയത്ത് ലഭിക്കാത്ത ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടർ ഫോമിൽ തന്നെ ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.

ടെൻഡറുകൾ 23/08/2024 ഉച്ചയ്ക്ക് 2 മണിക്ക് തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്തിട്ടുള്ള ടെണ്ടററിന്റെ പേരിൽ ടെൻഡർ ഉറപ്പിക്കുന്നതുമായിരിക്കും. ടെൻഡർ ലഭിച്ച വ്യക്തി തൊട്ടടുത്ത പ്രവർത്തി ദിവസം തന്നെ മുഴുവൻ തുകയ്ക്കുള്ള Demand Draft സൂപ്രണ്ടിന്റെ പേർക്ക് സമർപ്പിക്കേണ്ടതും ടിയാൾ നിശ്ചിത മാതൃകയിൽ 200/- രൂപ മുദ്രപത്രത്തിൽ തയ്യാർ ചെയ്ത ഒരു കരാർ എഴുതി സമർപ്പിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം സ്ഥിരപ്പെടുത്തിയ ടെൻഡറുകൾ റദ്ദാക്കുന്നതായിരിക്കും. നിബന്ധനകളിൽ മാറ്റം വരുത്തുന്നതിനും മുൻകൂർ കാരണം ബോധിപ്പിക്കാതെ ടെൻഡർ റദ്ദാക്കുന്നതിനുമുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.

(മറുപുറം)

നിരക്ക്

സൈക്കിൾ - 2 രൂപ

ഇരുചക്രവാഹനം - 5 രൂപ

ഓട്ടോറിക്ഷ - 10 രൂപ

കാർ, ജീപ്പ് - 25 രൂപ ; കാർ, ജീപ്പ് രോഗിയുമായി വരുന്നതിന് - 15 രൂപ

സൂപ്രണ്ട്

പകർപ്പ്:-

1) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), ആലപ്പുഴ
2) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ആലപ്പുഴ
3) ആ.വ.ഡ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്(ആമുഖകത്ത് സഹിതം)
4) സെക്രട്ടറി/ചെയർപേഴ്സൺ, ഹരിപ്പാട് മുനിസിപ്പാലിറ്റി
5) ബ്ലോക്ക് ഓഫീസ്, ഹരിപ്പാട്
6) സബ്ട്രഷറി, ഹരിപ്പാട്
7) കെ.എസ്.ആർ.റ്റി.സി, ഹരിപ്പാട്
8) നോട്ടീസ് ബോർഡ്, താലൂക്ക് ആശുപത്രി, ഹരിപ്പാട്
9) സി1 സെക്ഷൻ